**31st October 2015 / Saturday** **6th day of 90 days**

വിശുദ്ധ മത്തായി 19:16

അനന്തരം ഒരുവൻ വന്ന് യേശുവിനോട്, 'ഗുരോ നിത്യജീവൻ പ്രാപിക്കാൻ ഞാൻ എന്തു നന്മ ചെയ്യേണം' എന്നു ചോദിച്ചു.

സഹോദരന്മാരെ** നമ്മുടെ ലക്ഷ്യം നിത്യജീവൻ നേടിയെടുക്കുക എന്നതായിരിക്കണം. അതിനായി നമുക്ക് ലഭിച്ചിരിക്കുന്ന ഈ ജീവൻ പ്രയോജനപ്പെടുത്തേണം. ഈ ജീവൻ നിലനിർത്തി കഴിയുന്ന വിധത്തിൽ സകലർക്കും ശത്രുക്കൾക്കും നന്മകൾ ചെയ്തു നാം ദൈവത്തിന്റെ മക്കൾ എന്ന സാക്ഷ്യത്തിനിടയാകണം. ഇവിടെ യേശുവിനോട് ചോദിച്ചതുപോലെ നാം ദിവസവും കർത്താവിനോട് ചോദിക്കേണം, ഇന്നത്തെ എന്റെ ജീവൻ യേശുവിന്റെ ഉള്ളിൽ എത്തിച്ചേരേ!തിന് എന്തു നന്മ ചെയ്യേണം. 'നന്മ' എന്നാൽ തിന്മയെ ജയിക്കുന്നതിനുള്ള ആയുധമാണ്. പരിശുദ്ധാത്മാവിന്റെ പര്യായപദമാണ്. പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിൽ നിറഞ്ഞ് എന്തു പറഞ്ഞാലും എന്തു പ്രവൃത്തിച്ചാലും അത് നന്മ ആകുന്നു. അത് എത്ര വലിയ സഹായം ആയാലും ചെറിയ പ്രാർത്ഥന ആയാലും ലക്ഷ്യം നന്മ ആകണം. നന്മകൾ ചെയ്യുമ്പോൾ തിന്മകൾ ഇല്ലാതാകുന്നു. സാത്താന്റെ ശക്തി കുറയുന്നു. നമ്മുടെ ആത്മാക്കളുടെ വളർച്ച പുരോഗമിക്കുകയും അതുവഴി നിത്യജീവനിലേക്ക് പ്രവേശിക്കാനും സാധിക്കുന്നു. അതിനായി നിത്യജീവന്റെ ഉറവിടമായ യേശുക്രിസ്തുവിനെ അറിയാനും അനുഭവിക്കാനും കഴിയണം. നിത്യജീവന്റെ ഉറവിടമായ യേശുക്രിസ്തുവിനെ അറിയണമെങ്കിൽ അവന്റെ കല്പനകളിൽ മാത്രം രസിക്കുകയും അനുസരിക്കുകയും അവനിൽ മാത്രം വിശ്വസിക്കുകയും ചെയ്യേണം. അതാണ് ജീവൻ നിലനിർത്താനുള്ള ഏകമാർഗ്ഗം. ക്രിസ്തുവിന്റെ അടുക്കലേക്ക് എത്തിച്ചേരുന്നതിന് അനുസരണയും വിശ്വാസവും അനിവാര്യമാണ്. അത് നേടിയെടുക്കുന്നതിന് വിശുദ്ധ കൂദാശകളിലൂടെ അനുഗ്രഹങ്ങൾ നേടിയെടുക്കാൻ ദൈവം തമ്പുരാൻ നമ്മെ എല്ലാവരെയും സഹായിക്കട്ടെ.

*** വിശ്വാസികളായ എല്ലാവരുടെയും ആത്മാവ് പുരുഷനാണ്, അതാണ് സഹോദരന്മാരെ എന്നു സൂചിപ്പിച്ചിരിക്കുന്നത്. വിശുദ്ധ കുർബ്ബാനയിലും ആത്മാവിനെയാണ് സംബോധന ചെയ്യുന്നത്.*